# ഹൈഡ്രജൻ കാർ

അന്തരീക്ഷ മലിനീകരണമുണ്ടാക്കാത്ത വാഹനങ്ങൾക്കുവേണ്ടിയുള്ള ഗവേഷണം വികസിത രാഷ്ട്രങ്ങളിൽ കൊണ്ടുപിടിച്ചു നടക്കുകയാണ്. അക്കൂട്ടത്തിൽ അമേരിക്കയിലെ ജനറൽ മോട്ടോഴ്സ് ഹൈഡ്രജൻ വാതകമുപയോഗിച്ച് ഓടിക്കാവുന്ന ഒരു കാർ രൂപകല്പന ചെയ്ത വാർത്ത ശ്രദ്ധയാകർഷിക്കുന്നു.

ഇന്ധന ബാറ്ററികൾ ഉപയോഗിച്ച് ഹൈഡ്രജനെ അന്തരീക്ഷത്തിലെ ഓക്സിജനുമായി സംയോജിപ്പിച്ച് വൈദ്യുതി ഉണ്ടാക്കുകയാണ് ഇതിൽ ചെയ്യുന്നത്. വൈദ്യുതിക്കു പുറമേ ജലവും ചൂടും മാത്രമേ ഉണ്ടാകൂ. വിഷവാതകങ്ങൾ ഒന്നും തന്നെ ഉണ്ടാകില്ലത്രേ.

പ്രസെപ്റ്റ് എഫ്.സി.ഇ.വി. എന്നു പേരിട്ടിരിക്കുന്ന ഈ കാർമോഡലിന് ഒരിക്കൽ നിറച്ച ഹൈഡ്രജനുപയോഗിച്ച് 800 കി.മീ സഞ്ചരിക്കാൻ കഴിയും